**10.07.2023**

# KGBEU OU ബുള്ളറ്റിൻ 76/2023

സഖാക്കളെ,

**വിഷയം:** KGB Day celebration

KGB Day സെലിബ്രേഷന്റെ ഭാഗമായി ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് ഉച്ചഭക്ഷണം കൊടുക്കാൻ മാനേജ്മെന്റ് തീരുമാനിക്കുകയുണ്ടായി. അത് പ്രകാരം ജീവനക്കാർക്ക് വിവരം കൈമാറുമ്പോഴാണ് സംഘടനയുടെ ശ്രദ്ധയിൽപ്പെടുന്നത്. അന്വേഷിച്ചപ്പോൾ ഹെഡ് ഓഫീസിനു പുറമെയുള്ള ജീവനക്കാർക്ക് ആർക്കും തന്നെ ഇത് നൽകാൻ തീരുമാനമില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഉടൻ തന്നെ മാനേജ്മെന്റുമായി സംസാരിക്കുകയും മുഴുവൻ ജീവനക്കാർക്കും (താൽക്കാലിക/കരാർ/സ്വീപ്പർ തുടങ്ങിയ തൊഴിലാളികൾ ഉൾപ്പെടെ) ഇത് അനുവദിക്കുന്ന തരത്തിൽ തീരുമാനം എടുക്കുകയും വേണം എന്ന് അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

അതിനു ശേഷം ഒരു ബ്രാഞ്ചിന് 1000 രൂപ നിരക്കിൽ (നേരത്തെയുള്ള 1000 രൂപയ്ക്കു പുറമെ) അനുവദിച്ചു കൊണ്ട് തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ ഇതും പര്യാപ്തമായ തുക അല്ല എന്നും ഏറ്റവും ചുരുങ്ങിയത് ഒരു തൊഴിലാളിക്ക് 200 രൂപ നിരക്കിലെങ്കിലും അനുവദിക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മാനേജ്മെന്റ് ഇനിയെങ്കിലും ഉയർന്ന നിലയിൽ ചിന്തിക്കണം എന്നും മുഴുവൻ ജീവനക്കാരെയും അഡ്രസ്സ് ചെയ്യണമെന്നും നാം ആവശ്യപ്പെട്ടു.

അഭിവാദ്യങ്ങളോടെ,
ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)